.(ഡി) നിലവിലില്ല.

(ഇ) ശ്രീ. ആർ. ശിവശങ്കരനെ എസ്.ഐ.മാരുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയാണ്.

(എഫ്) ശ്രീ. ആർ. ശിവശങ്കരൻ ഉൾപ്പെടെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും തുടർന്ന് നടക്കുന്ന മെയിൻ ഡി.പി.സി.-യിൽ പരിഗണിക്കുന്നുണ്ട്.

ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർ പ്രതിയായ കേസുകൾ

215 (2043) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ആർ.എസ്സ്.എസ്സ്., ബി.ജെ.പി., സംഘപരിവാർ പ്രവർത്തകർ പ്രതിയായ എത്ര കേസുകൾ പിൻവലിക്കാൻ സർക്കാർ നിരാക്ഷേപപത്രം നൽകിയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കേസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ;

(സി) ഇത്തരത്തിലുള്ള കേസുകൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസിൽ പോലീസ് അനുകൂല നിലപാടെടുത്തിരുന്നോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കേരള പോലീസ്

216 (2044) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് സി.ഐ. മുതൽ ഡിവൈ.എസ്.പി. വരെയുള്ളവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത തസ്തികകളുടെ ഡി.പി.സി.. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) പ്രസ്തുത തസ്തികയിലുള്ളവരുടെ പ്രൊമോഷൻ നടപടികൾ അടിയന്തരമായി ആരംഭിക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly